LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ചെലവാക്കുന്ന തുകയ്ക്ക് സർക്കാരിന് ലഭിക്കുന്ന മറ്റ് സാമ്പത്തിക നേട്ടങ്ങൾ വിശകലനം ചെയ്താൽ അതായത് ഒരു Social Cost Benefit Analysis നടത്തിയാൽ ഈ മുതൽമുടക്കിന് 12 ശതമാനത്തിൽ കൂടുതൽ Economic Rate of Return (ERR) നൽകുന്നുണ്ടെന്ന് ഉറമുഖ കമ്പനി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

(എഫ്) അദാനി പോർട്ട്സ് പദ്ധതി വരുമാനം കണക്കാക്കിയ പദ്ധതി രേഖ സമർപ്പിച്ചിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ അനുസരിച്ച് ബിഡ് രേഖകൾക്കൊപ്പം വരുമാനം കണക്കാക്കിയ പദ്ധതി രേഖ ബിഡ്ഡേഴ്സ് സമർപ്പിക്കേണ്ടതില്ല.

കരാർ പ്രകാരം കൺസഷണയർക്ക് ലഭിക്കുന്ന മൊത്തം വരുമാനത്തിന്റെ വിഹിതം സംസ്ഥാന സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്. ഉറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് ഉറമുഖത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചുതുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തിഒന്ന് ശതമാനം വരെ ഉയരും.

ഉറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്പ്മെന്റിന്റെ ആകെ മൊത്ത വരുമാനത്തിന്റെ 10% ഉറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

വിഴിഞ്ഞം ഉറമുഖ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട്

112 (2931) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഉറമുഖ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ആദ്യമായി ഇന്ത്യാ ഗവൺമെന്റിന് സമർപ്പിച്ചത് എപ്പോഴാണ് ;

(ബി) പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായി ഇന്ത്യാ ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചത് എപ്പോഴാണ് ;

(സി) ഏണസ്റ്റ് ആന്റ് യങ്ങിനെ ഫിനാഷ്യൽ കൺസൾട്ടന്റായി നിശ്ചയിച്ചതെപ്പോഴാണ് ;

(ഡി) എസ്.ബി.ഐ. ക്യാപ്പിറ്റലിനെ ഫണ്ട് മാനേജരായി നിശ്ചയിച്ചതെപ്പോഴാണ് ;

(ഇ) ടെക്നിക്കൽ കൺസൾട്ടന്റായി എയ്കോമിനെ നിശ്ചയിച്ചതെപ്പോഴാണ്;

(എഫ്) മേൽ ചോദ്യങ്ങളുടെ ഉത്തരങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് ഉൾപ്പെടുന്ന V.G.F. അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചത് 7-4-2014-ൽ ആണ്.

(ബി) 2011 ജൂൺ/ജൂലൈ മാസങ്ങളിൽ പദ്ധതിക്കായുള്ള ToR അംഗീകരിച്ചു കിട്ടി. ഇതിനനുസൃതമായി ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടുനിന്ന പരിസ്ഥിതി പഠനത്തിന്റെയും തുടർന്ന് നടന്ന പബ്ലിക് ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പാരിസ്ഥിതിക പഠന റിപ്പോർട്ട് ഉൾപ്പെടെയുള്ള പാരിസ്ഥിതി കാനുമതിക്ക് വേണ്ടിയുള്ള അപേക്ഷ 2013 ആഗസ്റ്റ് മാസം 29 നാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്.

(സി) 7-1-2014-ൽ LoA (Letter of Award) നൽകി തെരഞ്ഞെടുക്കുകയും 13-01-2014-ൽ Earnest And Young-മായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തു.

(ഡി) 25-11-2010-ൽ എസ്.ബി.ഐ. ക്യാപിറ്റലിനെ ഫണ്ട് മാനേജരായി നിശ്ചയിച്ചു.

(ഇ) ടെക്നിക്കൽ കൺസൾട്ടന്റായി AECOM നെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ 13-1-2011-ൽ ആരംഭിക്കുകയും, 27-10-2011-ൽ കരാർ ഒപ്പുവയ്ക്കുകയും ചെയ്തു.

(എഫ്) ഉത്തരം (എ)യുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് G.O.(MS) No. 69/2013/F&PD dated 29-11-2013 അനുബന്ധം ആയി ചേർക്കുന്നു.* പ്രസ്തുത ഉത്തരവ് പ്രകാരം വി.ജി.എഫ്. അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷ സമർപ്പിച്ചതും കൺസൾട്ടന്റുമാരെ നിയമിച്ചതും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരമാണ്, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly